## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 736** — **10-02-2025 - ൽ മറുപടിയ്ക്ക്**

## കുന്നത്തുനാട് മണ്ഡലത്തിലെ റിസ്ക് ഫണ്ട് വിതരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കുന്നത്തുനാട് മണ്ഡലത്തിലെ സഹകരണ ബാങ്കുകളിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി സഹകരണ ബോർഡിൽ എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്നും ഇതിൽ എത്ര പേർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ കുന്നത്തുനാട് മണ്ഡലത്തിലെ വിവിധ സഹകരണ ബാങ്കുകളിൽ നിന്നായി റിസ്ക് ഫണ്ട് ആനുകൂല്യത്തിന് വേണ്ടി ആകെ 473 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ഇതിൽ 141 അപേക്ഷകളിൽ 129 വായ്പാക്കാർക്കായി 1,50,39,845/- രൂപ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ച് നല്കിയിട്ടുണ്ട്. |
| (ബി) | കുന്നത്തുനാട് മണ്ഡലത്തിൽ റിസ്ക് ഫണ്ട് ആനുകൂല്യമായി എത്ര പേർക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ കുന്നത്തുനാട് മണ്ഡലത്തിലെ വിവിധ സഹകരണ ബാങ്കുകളിൽ നിന്നായി റിസ്ക് ഫണ്ട് ആനുകൂല്യത്തിന് വേണ്ടി ആകെ 473 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ഇതിൽ 141 അപേക്ഷകളിൽ 129 വായ്പാക്കാർക്കായി 1,50,39,845/- രൂപ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ച് നല്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ റിസ്ക് ഫണ്ട് ആനുകൂല്യത്തിനായുള്ള അപേക്ഷകളിന്മേൽ എത്ര പേർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ ബാക്കിയുണ്ടെന്നും എത്ര അപേക്ഷകൾ മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ നിരസിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (സി) | ബോർഡിൽ ലഭ്യമായ 473 അപേക്ഷകളിൽ, 141 അപേക്ഷകൾ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ച് നൽകുകയും, 25 അപേക്ഷകൾ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതും, 157 അപേക്ഷകൾ ന്യൂനത പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സഹകരണ ബാങ്ക് / സംഘത്തിന് കത്ത് നല്കിയിട്ടുള്ളതും, 8 അപേക്ഷകൾ റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾ പാലിക്കാത്തതിനാൽ നിരസിച്ചിട്ടുള്ളതും, 23 അപേക്ഷകൾ റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾ പാലിക്കാത്തതിനാൽ നിരസിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതും, ബാക്കിയുള്ള 119 പുതിയ അപേക്ഷകൾ പരിശോധിച്ച് തീരുമാനമെടുക്കാനുള്ളവയുമാണ്.<br><br>കുടിശ്ശിക ഫയലുകൾ തീർപ്പാക്കുന്നതിന് ബോർഡിന്റെ വൈസ് ചെയർമാൻ എല്ലാ സെക്ഷനുകളുടെയും യോഗം വിളിച്ച് ചേർത്ത് അവലോകനം നടത്തുകയും |

| | | | |
|---|---|---|---|
| | | | കൂടാതെ ബോർഡിന്റെ ജോയിന്റ് രജിസ്ട്രാർ/സെക്രട്ടറി എറണാകുളം മേഖലാ ആഫീസിലും കോഴിക്കോട് മേഖലാ ആഫീസിലും അവലോകനയോഗങ്ങൾ നടത്തുകയും പ്രോഗ്രസ്സ് റിപ്പോർട്ട് പരിശോധിച്ച് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ അപേക്ഷകളിലെ ന്യൂനതകൾ ഒഴിവാക്കി ബോർഡിന് സമർപ്പിക്കുന്നതിനായി അപേക്ഷകൾ ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/ ജോയിന്റ് ഡയറക്ടർ/കൺകറണ്ട് ആഡിറ്റർ / അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർമാർ പരിശോധിച്ച് ബോർഡിൽ ലഭ്യമാക്കുന്നതിന് ഒരു ചെക്ക് ലിസ്റ്റ് തയ്യാറാക്കി നല്കിയിട്ടുണ്ട്. അർഹരായ മുഴുവൻ അപേക്ഷകർക്കും സമയബന്ധിതമായി ധനസഹായം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | അർഹരായ മുഴുവൻ അപേക്ഷകർക്കും റിസ്ക് ഫണ്ട് ആനുകൂല്യം വേഗത്തിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | ബോർഡിൽ ലഭ്യമായ 473 അപേക്ഷകളിൽ, 141 അപേക്ഷകൾ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചു നൽകുകയും, 25 അപേക്ഷകൾ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതും, 157 അപേക്ഷകൾ ന്യൂനത പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സഹകരണ ബാങ്ക് / സംഘത്തിന് കത്ത് നല്കിയിട്ടുള്ളതും, 8 അപേക്ഷകൾ റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾ പാലിക്കാത്തതിനാൽ നിരസിച്ചിട്ടുള്ളതും, 23 അപേക്ഷകൾ റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾ പാലിക്കാത്തതിനാൽ നിരസിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതും, ബാക്കിയുള്ള 119 പുതിയ അപേക്ഷകൾ പരിശോധിച്ച് തീരുമാനമെടുക്കാനുള്ളവയുമാണ്.<br><br>കുടിശ്ശിക ഫയലുകൾ തീർപ്പാക്കുന്നതിന് ബോർഡിന്റെ വൈസ് ചെയർമാൻ എല്ലാ സെക്ഷനുകളുടെയും യോഗം വിളിച്ചു ചേർത്ത് അവലോകനം നടത്തുകയും കൂടാതെ ബോർഡിന്റെ ജോയിന്റ് രജിസ്ട്രാർ/സെക്രട്ടറി എറണാകുളം മേഖലാ ആഫീസിലും കോഴിക്കോട് മേഖലാ ആഫീസിലും അവലോകനയോഗങ്ങൾ നടത്തുകയും പ്രോഗ്രസ്സ് റിപ്പോർട്ട് പരിശോധിച്ച് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ അപേക്ഷകളിലെ ന്യൂനതകൾ ഒഴിവാക്കി ബോർഡിന് സമർപ്പിക്കുന്നതിനായി അപേക്ഷകൾ ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/ ജോയിന്റ് ഡയറക്ടർ/കൺകറണ്ട് ആഡിറ്റർ / അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർമാർ പരിശോധിച്ച് ബോർഡിൽ ലഭ്യമാക്കുന്നതിന് ഒരു ചെക്ക് ലിസ്റ്റ് തയ്യാറാക്കി നല്കിയിട്ടുണ്ട്. അർഹരായ മുഴുവൻ അപേക്ഷകർക്കും സമയബന്ധിതമായി ധനസഹായം |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ